09
2026
മാർച്ച്
തിങ്കൾ
കുംഭം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 54 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-54 | പേജ് 4, വില 2.00 രൂപ






02 രാത്രിയാത്രകൾക്ക് തുണയായി 'നിർഭയ നിശ' പ്രവർത്തനസജ്ജം

03 സംഘർഷം അവസാനിപ്പിക്കാൻ ശ്രമം; പുടിൻ ഇറാനുമായി ചർച്ച നടത്തി

04 ജനറൽ ആശുപത്രിയിൽ 137 കോടി രൂപയുടെ ബഹുനില മന്ദിരം


# ട്വന്റി20 ലോകകപ്പിൽ മുത്തമിട്ട് ഇന്ത്യ

## കലാശപ്പോരിൽ കിവികൾ വീണു സഞ്ജു പ്ലെയർ ഓഫ് ദ് ടൂർണമെന്റ്

അഹമ്മദാബാദ്: ഇന്ത്യയുടെ അഭിമാനതാരം സഞ്ജു സാംസൺ മുന്നിൽ നിന്ന് നയിച്ച പോരാട്ടത്തിൽ ന്യൂസീലൻഡിനെ 96 റൺസിന് തോൽപിച്ചതാണ് ഇന്ത്യ മൂന്നാം ടി20 ലോകകപ്പ് സ്വന്തമാക്കിയത്. തുടർച്ചയായ രണ്ടാം തവണ ലോകകപ്പ് നേടുന്ന ആദ്യ ടീമെന്ന ഖ്യാതിയും ഇന്ത്യയ്ക്ക് മാത്രം സ്വന്തം. 256 റൺസ് എന്ന ഇന്ത്യയുടെ സ്കോറിനെതിരേ 19 ഓവറിൽ159 റൺസ് മാത്രമാണ് കിവീസിന് നേടാനായത്. 2007, 2024 വർഷങ്ങളിലാണ് ഇന്ത്യ ഇതിന് മുൻപ് ടി20 ലോകകിരീടം സ്വന്തമാക്കിയത്. ഏകദിനത്തിലും ടി20യിലുമായി ഇന്ത്യയുടെ അഞ്ചാം ലോകകിരീടമാണിത്.

ഡഗൗട്ടിൽ തലതാഴ്ത്തി നിന്ന മലയാളി ലോകക്രിക്കറ്റിന്റെ മഹാമൈതാനത്ത് വീരപരിവേഷമണിഞ്ഞ രാവ്...മൂന്ന് വർഷങ്ങൾക്ക് മുൻപ് കണ്ണീർ വീണ അതേ നരേന്ദ്ര മോദി സ്റ്റേഡിയം ഉച്ചത്തിൽ ആർത്തിരമ്പിയ ഞായറാഴ്ച. ഇതുവരെ കിവീസിനെ ടി20 ലോകകപ്പിൽ തോൽപ്പിച്ചിട്ടില്ലെന്ന ചരിത്രം തിരുത്തിക്കുറിച്ച രാജകീയവരവ്.

ഇന്ത്യ ഉയർത്തിയ 256 റൺസെന്ന കൂറ്റൻ വിജയലക്ഷ്യവുമായി ബാറ്റേന്തിയ കിവീസിനെ തുടക്കത്തിൽ ഇന്ത്യ പ്രതിരോധത്തിലാക്കി. ആദ്യ ഓവറിലെ അഞ്ചാം പന്തിൽ അലനെ ശിവം ദുബെ കൈവിട്ടെങ്കിലും ഇന്ത്യ ശക്തമായി തിരിച്ചുവന്നു. രണ്ടാം ഓവറിൽ കിവീസ് ബാറ്റർമാർ 21 റൺസാണ് അടിച്ചെടുത്തത്. എന്നാൽ പിന്നീടെറിഞ്ഞ രണ്ടോവറിലും ബൗളർമാർ വിക്കറ്റ് വീഴ്ത്തി. ഫിൻ അലനെ(9) അക്ഷർ പട്ടേലും രചിൻ രവീന്ദ്രയെ(1) ബുംറയും പുറത്താക്കി. നാലോവർ അവസാനിക്കുമ്പോൾ 362 എന്ന നിലയിലായിരുന്നു കിവീസ്. അഞ്ച് റൺസെടുത്ത ഗ്ലെൻ ഫിലിപ്സിനെ അക്ഷർ പട്ടേലും കൂടാരം കയറ്റിയതോടെ ന്യൂസിലൻഡ് വൻ പ്രതിരോധത്തിലായി.



ടിം സെയ്ഫേർട്ടാണ് കിവീസ് ഇന്നിങ്സ് മുന്നോട്ടു നയിച്ചത്. സെയ്ഫേർട്ട് അർധസെഞ്ചുറി നേടിയെങ്കിലും ഫലമുണ്ടായില്ല. താരം 52 റൺസെടുത്തു. പിന്നീട് ക്യാപ്റ്റൻ സാന്റ്നർ പൊരുതിയെങ്കിലും എത്തിപ്പിടിക്കാവുന്ന ലക്ഷ്യമായിരുന്നില്ല. വിക്കറ്റ് വീഴ്ത്തി ബുംറ തിരിച്ചടിച്ചതോടെ 159 റൺസിന് കിവീസ് പുറത്തായി.

നേരത്തേ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 255 റൺസാണെടുത്തത്. സഞ്ജു 89 റൺസുമായി ഇന്ത്യയുടെ ടോപ് സ്കോററായി. അഭിഷേക് ശർമയും ഇഷാൻ കിഷനും അർധസെഞ്ചുറിയോടെ തിളങ്ങി. ഇന്നിങ്സിന്റെ ആദ്യ നാലുപന്തുകളിലും റണ്ണൊന്നുമെടുക്കാനായില്ലെങ്കിലും അഞ്ചാം പന്തിൽ സിക്സറോടെ സഞ്ജുവാണ് ഇന്ത്യയുടെ അക്കൗണ്ട് തുറന്നത്. ആദ്യ ഓവറിൽ ഏഴ് റൺസും രണ്ടാം ഓവറിൽ അഞ്ച് റൺസും പിറന്നു. പിന്നീട് സഞ്ജുവും അഭിഷേകും വെടിക്കെട്ടിന് തിരികൊളുത്തി. ജേക്കബ് ഡഫി എറിഞ്ഞ മൂന്നാം ഓവറിൽ 15 റൺസാണ് സഞ്ജുവും അഭിഷേകും ചേർന്ന് അടിച്ചെടുത്തത്. സിക്സറുകൾ പറപറന്നതോടെ നാലാം ഓവറിൽ 24 റൺസും പിറന്നു. അതോടെ നാലോവറിൽ സ്കോർ 51 ലെത്തി. അഞ്ചാം ഓവറിൽ 21 റൺസും ആറാം ഓവറിൽ 20 റൺസും അടിച്ചെടുത്ത് ഇന്ത്യൻ ഓപ്പണർമാർ കത്തിക്കയറിയതോടെ കിവീസ് ബൗളർമാർക്ക് നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. റാം ഓവറിൽ അഭിഷേക് അർധസെഞ്ചുറിയും തികച്ചു. 18 പന്തിലാണ് ഫിഫ്റ്റി. എന്നാൽ ഏട്ടാം ഓവറിൽ അഭിഷേക് പുറത്തായി. 46 പന്തിൽ 89 റൺസായിരുന്നു മലയാളി താരത്തിന്റെ സമ്പാദ്യം.

## വിയറ്റ്നാം കപ്പലുമായി കൂട്ടിയിടിച്ച് അപകടം; കാണാതായ തൊഴിലാളികൾക്കായി തെരച്ചിൽ

കൊല്ലം: കൊല്ലത്ത് നിന്ന് മത്സ്യബന്ധനത്തിനു പോയ ബോട്ട് കപ്പലുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്കായി തെരച്ചിൽ തുടരുന്നു. അപകടത്തെ തുടർന്ന് രണ്ട് അന്യസംസ്ഥാന തൊഴിലാളികളെയാണ് കാണാതായത്. വിയറ്റ്നാം കപ്പലുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. ശക്തികുളങ്ങരയിൽ നിന്ന് പോയ സെൻറ് ജോസഫ് എന്ന ബോട്ടാണ് അപകടത്തിൽ പ്പെട്ടത്. വെള്ളിയാഴ്ചയാണ് ആഴക്കടൽ മത്സ്യബന്ധനത്തിന് പോയ ബോട്ട് കപ്പലുമായി കൂട്ടിയിടിച്ചത്. ഹാർബറിൽ നിന്ന് 120 നോട്ടിക്കൽ മൈൽ അകലെ വച്ച് കപ്പലുമായി ഇടിച്ചാണ് അപകടം. ഇടിയിൽ മത്സ്യബന്ധന ബോട്ട് പൂർണമായും മുങ്ങി. കന്യാകുമാരി ഭാഗത്തുവച്ച് വിയറ്റ്നാം കപ്പലുമായി ഇടിച്ചായിരുന്നു അപകടം. ബോട്ടിൽ 11 തൊഴിലാളികൾ ഉണ്ടായിരുന്നു. ഒൻപതുപേരെ രക്ഷപ്പെടുത്തി. എന്നാൽ കടലിൽ മുങ്ങി താഴ്ന്ന രണ്ട് തൊഴിലാളികളെ രക്ഷപ്പെടുത്താനായില്ല. തമിഴ്നാട്, വെസ്റ്റ് ബംഗാൾ സ്വദേശികളായ തൊഴിലാളികളാണ് ബോട്ടിൽ ഉണ്ടായിരുന്നത്.

# അഭിമാനംകാത്ത ചേട്ടൻ



അഹമ്മദാബാദ് : ട്വന്റി20 ലോകകപ്പിൽ റെക്കോർഡുകൾ തകർത്തെറിഞ്ഞ ബാറ്റിങ് പ്രകടനവുമായി സഞ്ജു സാംസൺ. അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ 46 പന്തിൽ 89 റൺസെടുത്താണ് സഞ്ജു പുറത്തായത്. ഓപ്പണറായി ഇറങ്ങിയ സഞ്ജു എട്ടു സിക്സുകളും അഞ്ചു ഫോറുകളുമുൾപ്പടെ ബൗണ്ടറി കടത്തിയാണ് ടീം ഇന്ത്യയുടെ ടോപ് സ്കോററായത്. ജിമ്മി നീഷം എറിഞ്ഞ 16 ാം ഓവറിലെ ആദ്യ പന്തിൽ പകരക്കാരൻ മക്കോക്കി ക്യാച്ചെടുത്താണ് സഞ്ജുവിനെ മടക്കിയത്.

ട്വന്റി20 ലോകകപ്പ് ഫൈനലിൽ ഒരു താരത്തിന്റെ ഏറ്റവും ഉയർന്ന സ്കോറെന്ന റെക്കോർഡാണ് തകർപ്പൻ ബാറ്റിങ്ങിലൂടെ സഞ്ജു സ്വന്തം പേരിലാക്കിയത്. 2016 ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെ 85 റൺസെടുത്ത വെസ്റ്റിൻഡീസ് താരം മാർലൻ സാമുവൽസിന്റെ റെക്കോർഡാണ് സഞ്ജു തകർത്തത്. ഇന്ത്യൻ സൂപ്പർ താരം വിരാട് കോലിക്കും പാകിസ്ഥാന്റെ ഷാഹിദ് അഫ്രീദിക്കും ശേഷം ഒരു ലോകകപ്പിന്റെ സെമി ഫൈനലിലും ഫൈനലിലും അർധസെഞ്ചറി നേടുന്ന താരമാണ് സഞ്ജു.

ട്വന്റി20 ലോകകപ്പ് ഫൈനലിൽ ഒരു ഇന്ത്യൻ താരത്തിന്റെ ഏറ്റവും മികച്ച പ്രകടനമെന്ന റെക്കോർഡിൽ 2014 ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ കോലി നേടിയ 77 റൺസിനെയും സഞ്ജു പിന്നിലാക്കി. ലോകകപ്പിൽ 321 റൺസാണു സഞ്ജുവിന്റെ സമ്പാദ്യം. ലോകകപ്പിന്റെ ഒരു സീസണിൽ കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ താരമെന്ന റെക്കോർഡിൽ 2014ൽ വിരാട് കോലി നേടിയ 319 റൺസെന്ന നേട്ടത്തെയും പഴങ്കഥയാക്കി.

ലോകകപ്പിൽ കൂടുതൽ സിക്സുകൾ നേടിയ താരമെന്ന റെക്കോർഡും സഞ്ജുവിന്റെ പേരിലാണ്. അഞ്ച് മത്സരങ്ങളിൽനിന്ന് 24 സിക്സറുകളാണ് സഞ്ജു ഇതുവരെ ബൗണ്ടറിയിലേക്ക് നിലംതൊടാതെ തൂക്കിയത്. മത്സരത്തിൽ ടോസ് നേടി ആദ്യം ബാറ്റു ചെയ്ത ഇന്ത്യ 20 ഓവറിൽ അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 255 റൺസാണെടുത്തത്. 256 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസീലൻഡ് 19 ഓവറിൽ 159 ന് പുറത്ത്.96 റൺസ് വിജയത്തോടെ ഇന്ത്യ മൂന്നാം ട്വന്റി20 ലോകകപ്പ് കിരീടം ഏറ്റുവാങ്ങി.









# വിജയസാധ്യതയുള്ള സ്ഥാനാർഥികളെ കണ്ടെത്താൻ മുസ്‌ലിം ലീഗ്

മലപ്പുറം: തദ്ദേശ തെരഞ്ഞെടുപ്പിലെ മിന്നുന്ന വിജയത്തിനുപിന്നാലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയാറെടുപ്പുകൾ മുസ്‌ലിം ലീഗും സജീവമാക്കി. യുഡിഎഫിൽ ആദ്യം സ്ഥാനാർഥികളെ പ്രഖ്യാപിക്കുന്ന പാർട്ടി ഇത്തവണയും മുസ്‌ലിം ലീഗ് തന്നെയാകുമെന്നാണ് സൂചനകൾ.

വിജയസാധ്യതയുള്ള സ്ഥാനാർഥികളെ കണ്ടെത്തുന്നതിന് താഴെത്തട്ടിൽ നിന്നുവരെ അഭിപ്രായ രൂപീകരണം ഇതിനകം നടന്നുകഴിഞ്ഞു. യുവാക്കൾക്കും വനിതകൾക്കും പരിഗണന നൽകിക്കൊണ്ടും മുതിർന്ന നേതാക്കളിൽ അനിവാര്യരായവരെ തുടരാൻ അനുവദിച്ചുമുള്ള സ്ഥാനാർഥി നിർണയമാണ് മുസ്‌ലിം ലീഗ് നേതൃത്വം സ്വീകരിക്കുന്നത്.

പാർട്ടി മത്സരിക്കുന്ന ഓരോ മണ്ഡലത്തിലും വിജയസാധ്യത ഏത് നേതാവിനെന്നറിയാൻ ആഭ്യന്തര സർവേയും ഇതിനകം നടത്തിക്കഴിഞ്ഞു. കഴിഞ്ഞ ദിവസം വയനാട്ടിൽ നടന്ന പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിരുന്നു.

തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിച്ച പാർട്ടിയുടെ പ്രാദേശിക നേതാക്കളിൽ മഹാഭൂരിപക്ഷവും വിജയിച്ച സാഹചര്യത്തിൽ പ്രാദേശിക തലത്തിൽനിന്ന് നിയമസഭാ സീറ്റുകളിലേക്ക് സ്ഥാനമോഹികളുടെ എണ്ണം കുറയുമെന്നാണ് പാർട്ടി നേതൃത്വം കണക്കാക്കുന്നത്. വാർഡ് തലം മുതൽ പാർട്ടി അണികളുടെ അഭിപ്രായംകൂടി കണക്കിലെടുത്തായിരിക്കും മുൻ വർഷങ്ങളെ പോലെ സ്ഥാനാർഥികളെ നിർണയിക്കുന്നത്. സ്വന്തം നിലയിൽ സ്ഥാനാർഥിയായി ഉയർത്തിക്കാട്ടി വിമത നീക്കം നടത്തുന്നവർക്കെതിരേ കർശന നടപടിയെടുക്കാനും നേതൃത്വം തീരുമാനിച്ചിട്ടുണ്ട്.

വിജയസാധ്യതയുള്ള ഒരു സീറ്റിലെങ്കിലും ഒരു വനിതാ സ്ഥാനാർഥിയെ ഇത്തവണ മത്സരിപ്പിച്ചേക്കും. കൂത്തുപറമ്പ് മണ്ഡലത്തിൽ ജയന്തി രാജനെ ലീഗ് സ്ഥാനാർഥിയാക്കാൻ നീക്കമുണ്ട്. പാർട്ടിയുടെ ശക്തി കേന്ദ്രമായ മലപ്പുറം ജില്ലയിൽനിന്ന് ഇത്തവണ ഒരു വനിതാ സ്ഥാനാർഥിക്ക് സാധ്യത വർധിച്ചിട്ടുണ്ട്. മുതിർന്ന വനിതാ ലീഗ് നേതാവ് സുഹറ മന്പാട്, ഫാത്തിമ തഹ്‌ലിയ, എം. കെ. റഫീഖ തുടങ്ങിയവരുടെ പേരുകളാണ് ഉയർന്നുവരുന്നത്.

സംസ്ഥാന നേതാക്കളിൽ ഏതാനും പേർ ഇത്തവണയും മത്സരിച്ചേക്കും. മൂന്നു തവണ വിജയിച്ചവർ വീണ്ടും മത്സരിക്കേണ്ടെന്ന പൊതുധാരണയുണ്ടെങ്കിലും മുതിർന്ന നേതാക്കളിൽ ചിലർക്ക് ഇളവുണ്ടാകും. പി. കെ. കുഞ്ഞാലിക്കുട്ടി, പി. കെ. ബഷീർ, കെ. എൻ. എ. ഖാദർ തുടങ്ങിയവർ ഇത്തവണയും മത്സരിച്ചേക്കും. പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി പി. എം. എ. സലാമിന് ഇത്തവണ സീറ്റ് നൽകും.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തിരൂരങ്ങാടി മണ്ഡലത്തിൽ സ്ഥാനാർഥിയാകേണ്ടിയിരുന്ന സലാം, മുതിർന്ന നേതാവ് കെ. പി. എ. മജീദിന് വേണ്ടി ഒഴിഞ്ഞുകൊടുക്കുകയായിരുന്നു. തുടർന്നാണ് സലാമിന് പാർട്ടി ജനറൽ സെക്രട്ടറി സ്ഥാനം നൽകിയത്. ഇത്തവണ സലാം മത്സരിക്കുകയാണെങ്കിൽ ജനറൽ സെക്രട്ടറി സ്ഥാനം ഒഴിയേണ്ടിവരും.

ആ സ്ഥാനത്തേക്ക് പുതിയൊരാളെ കണ്ടെത്തും. കോഴിക്കോട് ജില്ലയിലെ പ്രമുഖ നേതാവായ ഡോ. എം. കെ. മുനീറിനെ മത്സരിപ്പിക്കുന്നത് സംബന്ധിച്ച് ചൂടേറിയ ചർച്ചകൾ നടക്കുന്നുണ്ട്. മത്സരിക്കാൻ മുനീർ സന്നദ്ധത അറിയിച്ചതായാണ് സൂചനകൾ. അതേസമയം, പാർട്ടി പ്രവർത്തകരിൽ വലിയൊരു വിഭാഗം ഇതിനെ എതിർക്കുന്നുണ്ട്.

ഡോ. മുനീറിൻറെ ആരോഗ്യനില തൃപ്തികരമല്ലാത്തതിനാൽ അദ്ദേഹം മത്സര രംഗത്തുനിന്ന് വിട്ടുനിൽക്കണമെന്നാണ് പ്രവർത്തകർ ആവശ്യപ്പെടുന്നത്. അതേസമയം, മുനീർ പിന്മാറാൻ തയാറായില്ലെങ്കിൽ അദ്ദേഹത്തിന് സീറ്റ് നൽകേണ്ടി വരും. ഇക്കാര്യത്തിൽ പാർട്ടി പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി തങ്ങളുടേതാകും അവസാന തീരുമാനം.

മലപ്പുറം ജില്ലയിൽ ഭൂരിപക്ഷം സീറ്റുകളിലും പാർട്ടിക്ക് വിജയപ്രതീക്ഷയുണ്ട്. അതേസമയം, അടുത്ത കാലത്ത് പാർട്ടിക്ക് നഷ്ടപ്പെട്ട സീറ്റുകൾ തിരിച്ചുപിടിക്കാൻ ഏറെ പാടുപെടേണ്ടി വരും. താനൂർ സീറ്റിൽ മന്ത്രി വി. അബ്ദുറഹ്മാനിലൂടെ ഇടതുപക്ഷം ശക്തമാക്കിയ സ്വാധീനം തകർക്കൽ ലീഗിന് എളുപ്പമാകില്ല.

പെരിന്തൽമണ്ണ മണ്ഡലത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേരിയ ഭൂരിപക്ഷത്തിലാണ് സീറ്റ് പിടിച്ചെടുക്കാനായത്. ഈ വിജയം നിലനിർത്തൽ എളുപ്പമാകില്ല. മുനിസിപ്പിൽ തെരഞ്ഞെടുപ്പിൽ ഇത്തവണ ഇവിടെ യുഡിഎഫ് അട്ടിമറി വിജയം നേടിയത് ലീഗിന് പ്രതീക്ഷ നൽകുന്നതാണ്. പൊന്നാനി, തവനൂർ, നിലന്പൂർ, വണ്ടൂർ മണ്ഡലങ്ങളിൽ കോൺഗ്രസ് ആണ് മത്സരിക്കാറുള്ളത്. ഇവിടെയും മുസ്‌ലിം ലീഗ് വോട്ടുകൾ നിർണായകമാണ്.

# രാത്രിയാത്രകൾക്ക് തുണയായി 'നിർഭയ നിശ' പ്രവർത്തനസജ്ജമായി

ഏതു അസമയത്തും സംസ്ഥാനത്തു എവിടെയും വനിതകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്ന കേരള പോലീസിന്റെ നിർഭയ നിശ പദ്ധതിക്ക് സമാരംഭമായി.

തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ നിർഭയനിശ പതിനാല് ജില്ലകളിലും നടപ്പാകുന്നതിന്റെ തുടക്കം കുറിച്ചു.

വനിതാ പോലീസ് ഡ്രൈവർമാർ ഡ്രൈവ് ചെയ്യുന്ന 28 ഫോഴ്സ് ഗൂർഖ ജീപ്പുകളുടെ ഫ്ലാഗ് ഓഫും പദ്ധതി ഉദ്ഘാടന വേളയിൽ അദ്ദേഹം നിർവഹിച്ചു.

രാത്രി 09 മണി മുതൽ രാവിലെ 05 മണിവരെ സ്ത്രീകൾക്ക് ജോലി, പഠനം, ചികിത്സ, കുടുംബപരവും വ്യക്തിപരവുമായ ആവശ്യങ്ങൾ എന്നിവയ്ക്കായി പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിച്ച് യാത്ര ചെയ്യുമ്പോൾ നേരിടേണ്ടി വരുന്ന സുരക്ഷാവെല്ലുവിളികൾക്ക് പരിഹാരമായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ഫെബ്രുവരി 24ന് നിർഭയ നിശയുടെ പൈലറ്റ് പ്രോജക്ടിന് ആരംഭം കുറിച്ച് കൊണ്ട് ഈ പദ്ധതിയിലൂടെ സ്ത്രീ സുരക്ഷയ്ക്കായി മാതൃകാപരമായ ചുവടുവയ്പ്പാണ് കേരള പോലീസ് നടപ്പിലാക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു.

ശാന്തിയും സമാധാനവും പുലരുന്ന നാടാണ് കേരളമെങ്കിലും സ്ത്രീ ശാക്തീകരണത്തിന്റെ മേഖലയിൽ നമ്മൾ ബഹുദൂരം മുന്നോട്ടു സഞ്ചരിക്കേണ്ടതുണ്ടെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

നിർഭയനിശ പദ്ധതിയിലൂടെ ഏതു അസമയത്തും തൊഴിലാവശ്യത്തിനും മറ്റുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതബോധം പ്രധാനം ചെയ്യുകയാണ് പോലീസ് ചെയ്യുന്നത്. പോലീസിന്റെ വിപുലമായ സുരക്ഷാ സംവിധാനങ്ങൾ രാത്രി യാത്ര ചെയ്യുന്ന സ്ത്രീജനങ്ങൾക്ക് വലിയ തോതിൽ സുരക്ഷാബോധം പ്രധാനം ചെയ്യാൻ ഉപകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അടിയന്തര പോലീസ് സേവനങ്ങൾ ആവശ്യമുള്ള സ്ത്രീകൾക്ക് അവ ലഭ്യമാകുന്നതിനു എമർജൻസി റെസ്പോൺസ് ആൻഡ് സപ്പോർട്ട് സിസ്റ്റം (ഇ. ആർ. എസ്. എസ്), ജീഹ അ്യു ലെ S-O-S ബട്ടൺ, 112 ഹെൽപ്പ് ലൈൻ, ജില്ലാ കൺട്രോൾ റൂമുകൾ, കൺട്രോൾ റൂം വാഹനങ്ങൾ, ഹൈവേ പട്രോളുകൾ, പിങ്ക് പെട്രോൾ വാഹനങ്ങൾ തുടങ്ങിയവയുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സ്ത്രീകളുടെ ആത്മവിശ്വാസവും പ്രവർത്തനസ്വാതന്ത്ര്യവും വളർത്തിയെടുക്കുവാനും പോലീസും പൊതുസമൂഹവുമായുള്ള മൈത്രി ബന്ധം ഊട്ടിയുറപ്പിക്കാനും ഈ പദ്ധതി സഹായകരമാകുന്നു.

നിർഭയ നിശ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾ അധികമായി യാത്ര ചെയ്തു വരുന്ന തിരക്കുള്ള നഗരപ്രദേശങ്ങളിൽ എ ഐ ക്യാമറ വേധിതവും അപകട വേളകളിൽ സ്ത്രീകൾക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുവാനായുള്ള അലാറം പാനിക് ബട്ടൻ എന്നീ സൗകര്യമുള്ളതും തിരക്കുള്ള ഇടങ്ങളിൽ കുറ്റവാളികളെ തിരിച്ചറിയുന്നതിനായി ഫേഷ്യൽ റിക്കവേഷൻ സംവിധാനം എന്നിവയോടു കൂടിയതുമായ നിർഭയ നിശ സേഫ്റ്റി പോളുകൾ സ്ഥാപിക്കും.

പോലീസ് സേനയുടെ എമർജൻസി റെസ്പോൺസ് ആൻഡ് സപ്പോർട്ട് സിസ്റ്റം (ഇ. ആർ. എസ്. എസ്), പോൽ ആപ്പിലെ ടഛഴ ബട്ടൺ, 112 ഹെൽപ്പ് ലൈൻ, ജില്ലാ കൺട്രോൾ റൂമുകൾ, ഹൈവേ പട്രോൾ, പിങ്ക് പട്രോൾ വാഹനങ്ങൾ തുടങ്ങിയ അടിസ്ഥാന സംവിധാനങ്ങളുടെ ഏകോപനത്തിലൂടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. . സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ, വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി, നിർഭയ, പിങ്ക് പട്രോൾ തുടങ്ങി നിരവധി കർമ്മ പദ്ധതികൾ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സേനയിലെ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനും ലിംഗ സമത്വം ഉറപ്പാകുന്നതിനുമുള്ള നടപടികൾക്ക് കഴിഞ്ഞ പത്തുവർഷത്തിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കേരള പോലീസിൽ നിലവിൽ ലഭ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആധുനിക സാങ്കേതികവിദ്യയും സംയോജിപ്പിച്ച് വനിത ശിശുവികസന വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെ സമഗ്രവും ഏകീകൃതവുമായ സ്ത്രീ സുരക്ഷ പദ്ധതിയായ നിർഭയ നടപ്പാക്കിക്കൊണ്ട് സ്ത്രീ ശാക്തീകരണ രംഗത്ത് രാജ്യത്തെ മറ്റു സേനകൾക്ക് മാതൃക കാട്ടിയിരിക്കുകയാണ് കേരള പോലീസ്.

എ ഡി ജി പിമാരായ എസ് ശ്രീജിത്ത്, എച് വെങ്കടേഷ്, ഐ ജി സൗത്ത് സോൺ ജി സ്പർജൻ കുമാർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ കെ കാർത്തിക്ക് മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ സംബന്ധിച്ചു.

# കിറ്റ്സിൽ എംബിഎ (ട്രാവൽ ആന്റ് ടൂറിസം) കോഴ്സ് പ്രവേശനം

തിരുവനന്തപുരം: കിറ്റ്സിൽ എംബിഎ (ട്രാവൽ ആന്റ് ടൂറിസം) 202628 ബാച്ചിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, കെഎംഎടി/ സിഎംഎടി/ സിഎടി യോഗ്യതയും ഉള്ളവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും h-ttp-s: //www. k-i-ttse-du. or-g/app-ly-for-m-b-a/ ലിങ്ക് വഴി 31 നകം അപേക്ഷിക്കാം. കേരള സർവകലാശാലയുടേയും എഐസിടിഇയുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ, ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റന്റ്സുമുണ്ട്. എസ്!സി/എസ്!ടി വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: www. k-i-ttse-du. or-g, 9645176828,9446529467.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സ്കോൾകേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് രണ്ടാം ബാച്ച് പ്രവേശനത്തിനൊടൊപ്പം പുനപ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഒന്നാം ബാച്ചിൽ പ്രവേശനം നേടി കോഴ്സ് പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് രണ്ടാം ബാച്ചിൽ പുനപ്രവേശനത്തിന് ഒമ്പത് മുതൽ 17 വരെ പിഴയില്ലാതെയും 100 രൂപ പിഴയോട് കുടി 18 മുതൽ 30 വരെയും ഫീസ് ഒടുക്കാം. www. sco-l-e-k-er-a-l-a. or-g മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യണം. ഓൺലൈൻ രജിസ്ട്രേഷനുശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ, എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ സ്പീഡ്/ രജിസ്ട്രേഡ് തപാൽ മാർഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471234295,2342271,2342369.

# സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: കൊട്ടാരക്കര വെളിയം ഗവൺമെന്റ് ഐടിഐ യിൽ ഡ്രൈവർ കം മെക്കാനിക്ക് ആറുമാസ ട്രേഡിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. അവസാന തീയതി 13ന് വൈകിട്ട് അഞ്ച് വരെ. 18 വയസ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. കൂടുതൽ വിവരങ്ങൾക്ക്: 8589898962,7012332456.

# കരാർ നിയമനം

തിരുവനന്തപുരം: നാഷണൽ ആയുഷ് മിഷൻ കേരള അക്കൗണ്ട്സ് മാനേജർ തസ്തിതയിൽ കരാർ നിയമനത്തിന് 11ന് രാവിലെ 9.30ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്:: 04712474550.

സൂപ്പർന്യൂമററി തസ്തികയിലെ ജീവനക്കാരുടെ ആശ്രിതർക്കും സമാശ്വാസ നിയമനം

തിരുവനന്തപുരം: സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിനിടെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു സർക്കാർ ഉത്തരവിറക്കി. ഇനി മുതൽ സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ ആശ്രിതർക്ക് ഉള്ളതുപോലെ സൂപ്പർന്യൂമററി തസ്തികയിലുള്ളവരുടെ ആശ്രിതർക്കും നിയമനത്തിന് അർഹത ലഭിക്കും.

# അസിസ്റ്റന്റ് പ്രൊഫസർ നിയമനം

തിരുവനന്തപുരം: കണ്ണൂർ ഗവ. ആയുർവേദ കോളജിലെ ശാലാക്യതന്ത്ര വകുപ്പിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 17ന് രാവിലെ 11ന് പരിയാരത്തുള്ള കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ വാക്ക്ഇൻഇന്റർവ്യു നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും, ബയോഡാറ്റയും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0497 2800167.

പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിതിരുവനന്തപുരം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഡിഫാം പാർട്ട് കക ഇആർ 1991 (സപ്ലിമെന്ററി) നവംബർ 2025 ന്റെ പരീക്ഷാ ഫലം പ്രസിദ്ധപ്പെടുത്തി. വിശദ വിവരങ്ങൾ www. dme. kerala. gov. in ൽ ലഭിക്കും.

# അപേക്ഷ ക്ഷണിച്ചു

സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് രണ്ടാം ബാച്ച് പ്രവേശനത്തിനൊടൊപ്പം പുനപ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒന്നാം ബാച്ചിൽ പ്രവേശനം നേടി കോഴ്സ് പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് രണ്ടാം ബാച്ചിൽ പുനപ്രവേശനത്തിന് മാർച്ച് 9 മുതൽ 17 വരെ പിഴയില്ലാതെയും 100 രൂപ പിഴയോട് കുടി 18 മുതൽ 30 വരെയും ഫീസ് ഒടുക്കാം. www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യണം.

ഓൺലൈൻ രജിസ്ട്രേഷനുശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ, എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ സ്പീഡ്/ രജിസ്ട്രേഡ് തപാൽ മാർഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-234295, 2342271, 2342369.

# കെഎസ്ആർടിസിയിൽ സൗജന്യയാത്ര; കോൺഗ്രസിനെ വിമർശിച്ച് മന്ത്രി ഗണേഷ് കുമാർ

തിരുവനന്തപുരം: നിയമസഭ തെരഞ്ഞെടുപ്പിൽ യുഡിഎഫ് അധികാരത്തിൽ വന്നാൽ കെഎസ്ആർടിസിയിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന കോൺഗ്രസ് പ്രഖ്യാപനത്തെ വിമർശിച്ച് ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാർ.

ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ നടപ്പാക്കാൻ പറ്റുന്നതും അന്തസുള്ളതുമായ ആനുകൂല്യങ്ങൾ വേണം പ്രഖ്യാപിക്കാനെന്ന് ഗണേഷ് കുമാർ കുറ്റപ്പെടുത്തി. ഇവിടെ കെഎസ്ആർടിസി രക്ഷപ്പെട്ടു വരികയാണ്. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കഠിനാധ്വാനത്തിൻറെ ഫലമാണിത്. അവർ കഷ്ടപ്പെട്ട് രക്ഷപ്പെടുത്തി കൊണ്ടുവരുന്ന കെഎസ്ആർടിസിയെ തകർക്കരുതെന്നും ഗണേഷ് കുമാർ മാധ്യമങ്ങളോട് പറഞ്ഞു.

കർണാടകത്തിൽ നശിപ്പിച്ചു. ഇവിടെ രക്ഷപ്പെട്ടു വരികയാണ്. നാലഞ്ചു മാസമായിട്ട് പച്ചപ്പിടിച്ച് വരികയാണ്. എല്ലാവർക്കും സന്തോഷം നൽകുന്ന വാർത്തയാണ് കെഎസ്ആർടിസിയുടെ ഉയർച്ച. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കഠിനാധ്വാനത്തിൻറെ ഫലമാണ്. അവരുടെ നല്ല പെരുമാറ്റമാണ്. കഷ്ടപ്പെടുത്തി അത് രക്ഷപ്പെടുത്തി വരികയാണ്.

ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ നടപ്പാക്കാൻ കഴിയുന്നതും അന്തസുള്ളതുമായ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണമെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു.

# അപേക്ഷ ക്ഷണിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെജി.ടി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെജി.ടി.ഇ പ്രസ്സ് വർക്ക്, കെജി.ടി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് (202627) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം.

പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.അപേക്ഷാ ഫോം 100 രൂപയ്ക്ക് സെന്ററിൽ നിന്ന് നേരിട്ടും/ മണിഓർഡറായി 135 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം - 695024 എന്ന വിലാസത്തിൽ തപാലിലും/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് : 0471-2474720, 0471-2467728. വെബ്സൈറ്റ്: www.captkerala.com.

# ഉത്സവ പറമ്പിൽ വച്ച് മർദനമേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

കോഴിക്കോട്: ഉത്സവ പറമ്പിൽ വച്ച് ഒരു സംഘം ആളുകളുടെ മർദ്ദനമേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. കോഴിക്കോട് കുന്ദമംഗലം കളരിക്കണ്ടി സ്വദേശി ഏറോചുടല വീട്ടിൽ ബാബു(46) ആണ് മരിച്ചത്.

സ്വത്ത് തർക്കത്തിന് ഒടുവിലുണ്ടായ വൈരാഗ്യമാണ് മർദനത്തിന് കാരണമായതെന്നാണ് ലഭിക്കുന്ന വിവരം. കഴിഞ്ഞ ദിവസം പുലർച്ചെയോടെയാണ് വീട്ടിൽ ഉറങ്ങുകയായിരുന്ന ബാബുവിനെ ഏതാനും പേർ ചേർന്ന് വിളിച്ചിറക്കി കൂട്ടിക്കൊണ്ടു പോയത്. സമീപത്തെ ക്ഷേത്രത്തിൽ ഉത്സവം നടക്കുന്ന സ്ഥലത്തേക്കാണ് കൊണ്ടുപോയത്. ഇവിടെ വച്ച് കൂടുതൽ ആളുകളെത്തി മർദ്ദിക്കുകയായിരുന്നു എന്നാണ് ലഭിക്കുന്ന വിവരം. തലയ്ക്ക് അടിയേറ്റ് അവശ നിലയിലായ ബാബു വീട്ടിലെത്തിയെങ്കിലും ആരോഗ്യ സ്ഥിതി വീണ്ടും മോശമായതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു. എന്നാൽ ചികിത്സക്കിടെ മരണം സംഭവിക്കുകയായിരുന്നു. കേസ് രജിസ്റ്റർ ചെയ്ത കുന്ദമംഗലം പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സംഭവത്തിൽ ബാബുവിൻറെ ബന്ധുവിനെ അറസ്റ്റ് ചെയ്തതായി സൂചനയുണ്ട്.

# ആർസിസിയിൽ സി.എസ്.എസ്.ഡി ടെക്നീഷ്യൻ

റീജിയണൽ കാൻസർ സെന്ററിൽ സി.എസ്.എസ്.ഡി ടെക്നീഷ്യൻ തസ്തികയിൽ ഓപ്പൺ, ഈഴവ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള ഓരോ ഒഴിവുകളുണ്ട്. ഈ വിഭാഗത്തിലെ ഉദ്യോഗാർഥികളുടെ അഭാവത്തിൽ മറ്റ് വിഭാഗത്തിലെ/ ഓപ്പൺ വിഭാഗത്തിലെ ഉദ്യോഗാർഥികളെ സംവരണ ക്രമത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കും. പ്രായപരിധി 01.01.2026ന് 41 വയസ് കവിയരുത് (നിയമാനുസൃത വയസിളവ് ബാധകം). ഓപ്പറേഷൻ തിയേറ്റർ/ അനസ്തേഷ്യ ടെക്നോളജി/ അനസ്തേഷ്യ ആൻഡ് ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി/ സി.എസ്.എസ്.ഡി ടെക്നോളജി/ സ്റ്റെറിലൈസേഷൻ ടെക്നോളജി എന്നിവയിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.എസ്.സി ബിരുദം അല്ലെങ്കിൽ പ്ലസ്ടുവും, ഓപ്പറേഷൻ തിയേറ്റർ ടെക്നോളജിയിൽ കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച ഡിപ്ലോമയുമാണ് യോഗ്യത. ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തിപരിചയമുണ്ടാവണം. നിശ്ചിത യോഗ്യതയുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി മാർച്ച് 12നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യുട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽ നിന്നുള്ള എൻ.ഒ.സി നൽകണം.

# വന്ദേഭാരതിനുനേരെ കല്ലേറ്; ചില്ലിന് കേടുപാടുകൾ

ആലുവ: വന്ദേഭാരത് എക്സ്പ്രസിനു നേരെ ആലുവയ്ക്കും അങ്കമാലിയ്ക്കും ഇടയിൽ കല്ലേറ്. കല്ലേറിൽ ട്രെയിനിൻറെ ഒമ്പതാമത്തെ കോച്ചിലെ ചില്ലിന് കേടുപാടുകൾ സംഭവിച്ചു. യാത്രക്കാർക്ക് പരിക്കില്ല. ശനിയാഴ്ച രാത്രി എട്ടിനും ഒന്പതിനും ഇടയിൽ തിരുവനന്തപുരത്തുനിന്ന് കാസർഗോട്ടേക്ക് പോകുകയായിരുന്ന ട്രെയിനിന് നേരെയായിരുന്നു അക്രമം. സംഭവത്തെ തുടർന്ന് റെയിൽവേ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. അക്രമികളെ തിരിച്ചറിയുന്നതിനായി അങ്കമാലി ആലുവ മേഖലയിലെ സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ട്.

# വിവാഹ വാഗ്ദാനം നൽകി പീഡനം; പാസ്റ്റർ അറസ്റ്റിൽ

പത്തനംതിട്ട: വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ പാസ്റ്റ!ർ അറസ്റ്റിൽ. തിരുവനന്തപുരം അഞ്ചുതെങ്ങ് രോഹിണി ഭവനിൽ സാം ഹാർട്ടർ (37) ആണ് അറസ്റ്റിലായത്.

വിദേശത്ത് നഴ്സായ യുവതിയെ പീഡിപ്പിച്ചശേഷം ഇയാൾ ഇരിങ്ങാലക്കുടയിൽ ഒളിവിൽ കഴിയുകയായിരുന്നു. വിവാഹം കഴിക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് യുവതിയിൽ നിന്നും പലപ്പോഴായി 16 ലക്ഷം രൂപയും ഇയാൾ കൈക്കലാക്കിയിരുന്നു. പത്തനംതിട്ട, തിരുവല്ല എന്നീ സ്റ്റേഷനുകളിൽ സാമ്പത്തിക തട്ടിപ്പിന് ഇയാളുടെ പേരിൽ കേസുകൾ നിലവിലുണ്ടെന്ന് പോലീസ് പറഞ്ഞു. പന്തളം പോലീസ് അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡു ചെയ്തു.

# ഗൾഫ് രാജ്യങ്ങൾക്ക് നേരെ ഇറാൻറെ പ്രത്യാക്രമണം; കുവൈറ്റിൽ രണ്ട് അഗ്നിശമന സേനാംഗങ്ങൾ കൊല്ലപ്പെട്ടു

കുവൈറ്റ് സിറ്റി: പശ്ചിമേഷ്യയിൽ ഇസ്രയേലും അമേരിക്കയും ഇറാനും തമ്മിലുള്ള യുദ്ധം കൊടുമ്പിരിക്കൊള്ളുന്നതിനിടെ, ഗൾഫ് രാജ്യങ്ങൾക്ക് നേരെ ഇറാൻ നടത്തിയ പ്രത്യാക്രമണങ്ങളിൽ കുവൈറ്റിൽ രണ്ട് അഗ്നിശമന സേനാംഗങ്ങൾ കൊല്ലപ്പെട്ടു. കുവൈറ്റ് ഫയർ ഫോഴ്സിലെ ലെഫ്റ്റനന്റ് കേണൽ അബ്ദുള്ള ഇമാദ് അൽ ഷറ, മേജർ ഫഹദ് അബ്ദുൽ അസീസ് അൽ മുജമ്മദ് എന്നിവരാണ് ഡ്യൂട്ടിക്കിടെ കൊല്ലപ്പെട്ടത്.

ബഹ്റൈനിലെ ഒരു സർവകലാശാലയ്ക്കും ജലശുദ്ധീകരണ പ്ലാൻറിനും നേരെ ഇറാൻറെ ഡ്രോൺ ആക്രമണമുണ്ടായി. ആക്രമണത്തിൽ മൂന്ന് പേർക്ക് പരിക്കേൽക്കുകയും കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഇസ്രയേൽ എംബസി സ്ഥിതി ചെയ്യുന്ന മനാമയിലെ ഫിനാൻഷ്യൽ ഹാർബർ ടവറുകൾക്ക് മുകളിലൂടെ വന്ന ഡ്രോൺ പ്രതിരോധ സേന തകർത്തു.

സിവിലിയൻ കേന്ദ്രങ്ങളെ ലക്ഷ്യം വെച്ചുള്ള ഇറാൻറെ ഈ നീക്കത്തെ 'നഗ്നമായ അധിനിവേശം' എന്നാണ് ബഹ്റൈൻ ആഭ്യന്തര മന്ത്രാലയം വിശേഷിപ്പിച്ചത്. സുപ്രധാന കേന്ദ്രങ്ങളുടെ ദൃശ്യങ്ങൾ പകർത്തി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നത് രാജ്യദ്രോഹമായി കണക്കാക്കുമെന്നും മന്ത്രാലയം മുന്നറിയിപ്പ് നൽകി. കഴിഞ്ഞ ദിവസങ്ങളിൽ സൗദി അറേബ്യ ഒൻപതോളം ഇറാൻ ഡ്രോണുകളാണ് വെടിവെച്ചിട്ടത്. ദുബായിൽ ഡ്രോൺ അവശിഷ്ടങ്ങൾ പതിച്ച് ഒരു പാകിസ്ഥാൻ സ്വദേശി കൊല്ലപ്പെട്ടതായും റിപ്പോർട്ടുകളുണ്ട്.



തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമ ബോർഡുകളുടെ സാമൂഹിക സുരക്ഷാ വ്യാപ്തിയെക്കുറിച്ച് 'കിലെ' തയ്യാറാക്കിയ പഠന റിപ്പോർട്ട് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസിന് നൽകി പ്രകാശനം ചെയ്യുന്നു

# സംഘർഷം അവസാനിപ്പിക്കാൻ ശ്രമം; പുടിൻ ഇറാൻ പ്രസിഡൻറുമായി ചർച്ച നടത്തി

മോസ്കോ: ഇസ്രായേൽ – അമേരിക്ക യുദ്ധം അവസാനിപ്പിക്കാൻ നീക്കവുമായി റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻ. യുദ്ധത്തിൽ ഇറാനുണ്ടായ നാശനഷ്ടങ്ങളിൽ പുടിൻ ആശങ്ക പ്രമാണിച്ചു.

സംയുക്താക്രമണത്തിൽ ഇറാൻറെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി കൊല്ലപ്പെട്ടതിലടക്കം പുടിൻ അനുശോചനവും രേഖപ്പെടുത്തി. ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയനെ ഫോണിൽ വിളിച്ചാണ് റഷ്യൻ പ്രസിഡൻറ് അനുശോചനം അറിയിച്ചത്.

അമേരിക്കൻ – ഇസ്രയേൽ സൈനിക നീക്കങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്നും പുടിൻ ആവശ്യപ്പെട്ടു. സംഘർഷം വലുതാക്കരുതെന്ന് ഇറാനോടും റഷ്യൻ പ്രസിഡൻറ് ആവശ്യപ്പെട്ടു. ഗൾഫ് സഹകരണ കൗൺസിൽ രാഷ്ട്രങ്ങളുമായി നിരന്തര സമ്പർക്കത്തിലാണെന്നും പുടിൻ അറിയിച്ചു.

അതേസമയം സംഘർഷം അടിയന്തരമായി അവസാനിപ്പിക്കണമെന്നും പുടിൻ ആവശ്യപ്പെട്ടു. മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സൈനിക ശക്തി ഉപയോഗിക്കുന്നതിനോടുള്ള റഷ്യയുടെ ശക്തമായ എതിർപ്പും രേഖപ്പെടുത്തി.

സായുധ ആക്രമണങ്ങൾ ഉടൻ നിർത്തിവെക്കണമെന്നും നയതന്ത്ര ചർച്ചകളിലൂടെ പ്രശ്നപരിഹാരത്തിനുള്ള വഴി തേടണമെന്നും ക്രെംലിൻ പുറത്തിറക്കിയ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## സ്പോട്ട് അഡ്മിഷൻ

കൊട്ടാരക്കര വെളിയം ഗവൺമെന്റ് ഐ.ടി.ഐയിൽ ഡ്രൈവർ കം മെക്കാനിക്ക് ആറുമാസ ട്രേഡിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. അവസാന തീയതി മാർച്ച് 13 വൈകുന്നേരം 5 വരെ. 18 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. കൂടുതൽ വിവരങ്ങൾക്ക്: 8589898962, 7012332456.

## കരാർ നിയമനം

നാഷണൽ ആയുഷ് മിഷൻ കേരള അക്കൗണ്ട്സ് മാനേജർ തസ്തിതയിൽ കരാർ നിയമനത്തിന് മാർച്ച് 11 രാവിലെ 9.30ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾക്ക്:: 0471-2474550.

## ബൈക്കിൻറെ വേഗം കുറയ്ക്കാൻ ആവശ്യപ്പെട്ടതിന് യുവാവിനെ തല്ലിക്കൊന്നു; ആറ് പേർ അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിലെ ഗൊരഖ്പുരിൽ ബൈക്കിൻറെ വേഗത കുറയ്ക്കാൻ ആവശ്യപ്പെട്ടതിന് യുവാവിനെ തല്ലിക്കൊന്നു. മണിറാം സ്വദേശിയും കർഷകനുമായ ഗ്യാനേന്ദ്ര ചൗധരി (35) യാണ് കൊല്ലപ്പെട്ടത്. സംഭവത്തെ തുടർന്ന് ആറ് പേരെ പോലീസ് അറസ്റ്റ് ചെയ്തു.

ഗ്യാനേന്ദ്രയുടെ വയലിന് സമീപം ഒരു യുവാവ് അമിത വേഗത്തിൽ ബൈക്ക് ഓടിച്ചു. ഇതേതുടർന്ന് പൊടി ഉയർന്നു. ബൈക്കിൻറെ വേഗത കുറയ്ക്കാൻ ഗ്യാനേന്ദ്ര ആവശ്യപ്പെട്ടപ്പോൾ ഇരുവരും തമ്മിൽ തർക്കമുണ്ടായി. ബൈക്ക് യാത്രികൻ ചില സുഹൃത്തുക്കളെ സംഭവസ്ഥലത്തേക്ക് വിളിച്ചുവരുത്തുകയും ഗ്യാനേന്ദ്രയെ വടി ഉപയോഗിച്ച് അടിക്കുകയും ചെയ്തു. നാട്ടുകാർ ബഹളം വച്ചതിനെ തുടർന്ന് അക്രമികൾ ഓടി രക്ഷപ്പെട്ടു. ഗുരുതരമായി പരിക്കേറ്റ ഗ്യാനേന്ദ്രയെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ചികിത്സയിലായിരിക്കെ അദ്ദേഹം മരണമടഞ്ഞു. പോലീസിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥനത്തിൽ ആറ് പേരെ അറസ്റ്റ് ചെയ്യുകയും രണ്ട് ബൈക്കുകൾ പിടിച്ചെടുക്കുകയും ചെയ്തു. സന്ദീപ് നിഷാദ്, ശേഷ്നാഥ് നിഷാദ്, ഗൗതം നിഷാദ്, രമേശ് നിഷാദ്, വിക്കി രാജ്ഭർ, രാജൻ നിഷാദ് എന്നിവരാണ് അറസ്റ്റിലായത്.

# എണ്ണ സംഭരണ ശാലകൾക്ക് നേരെ ആക്രമണം; ടെഹ്റാനിൽ ഇന്ധന വിതരണം തടസപ്പെട്ടു

ടെഹ്റാൻ: ഇസ്രയേലും അമേരിക്കയും നടത്തിയ ശക്തമായ വ്യോമാക്രമണത്തിൽ എണ്ണ സംഭരണ ശാലകൾ തകർന്നതിനെത്തുടർന്ന് ഇറാൻറെ തലസ്ഥാനമായ ടെഹ്റാനിൽ ഇന്ധന വിതരണം താൽക്കാലികമായി നിർത്തിവെച്ചു. നഗരത്തിലും പരിസരപ്രദേശങ്ങളിലുമുള്ള പ്രധാന എണ്ണ ഡിപ്പോകളെ ലക്ഷ്യം വെച്ചായിരുന്നു ആക്രമണം.

ഇന്ധന വിതരണ ശൃംഖലയ്ക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചതിനാലാണ് വിതരണം നിർത്തിവെക്കേണ്ടി വന്നതെന്ന് ടെഹ്റാൻ ഗവർണർ മുഹമ്മദ് സാദിഖ് മൊത്തമേദിയൻ അറിയിച്ചു തകരാറുകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരികയാണെന്നും ഉടൻ തന്നെ ഇന്ധന വിതരണം പുനഃസ്ഥാപിക്കാൻ കഴിയുമെന്നും ഗവർണർ വ്യക്തമാക്കി. ഇന്ധന വിതരണം തടസ്സപ്പെട്ടതോടെ ടെഹ്റാൻ നഗരത്തിൽ ഗതാഗത സംവിധാനങ്ങൾ താറുമാറാവുകയും ജനജീവിതം പ്രതിസന്ധിയിലാവുകയും ചെയ്തിട്ടുണ്ട്. പലയിടങ്ങളിലും വൈദ്യുതി വിതരണത്തെയും ഇത് ബാധിച്ചിട്ടുണ്ട്.

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ലോഗോ ക്ഷണിച്ചു

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിർണ്ണായക ചുവടുവെപ്പാകുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ഔദ്യോഗിക ലോഗോ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ എൻട്രികൾ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച ലോഗോയ്ക്ക് ഒരു ലക്ഷം രൂപ സമ്മാനമായി നൽകും. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ആഗോള നിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി (Centre of Excellence) അടയാളപ്പെടുത്തുന്ന ലോഗോയാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രൊഫഷണൽ ഡിസൈനർമാർക്കും ഫൈൻ ആർട്സ് കോളേജ് വിദ്യാർത്ഥികൾക്കും ഡിസൈനിംഗിൽ താല്പര്യമുള്ള പൊതുജനങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം. അവയവദാന പ്രക്രിയയിലെ മാനുഷിക മൂല്യങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തിന്റെ മുന്നേറ്റം എന്നിവയ്ക്കൊപ്പം പുതുജീവൻ, പ്രത്യാശ, കരുണ എന്നീ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന സൃഷ്ടികൾക്ക് മുൻഗണന നൽകും. ഡിസൈനുകൾ എ ഫോർ സൈസിൽ എച്ച്.ഡി നിലവാരത്തിൽ പിഡിഎഫ്/ജെപിജി (PDF/JPG) ഫോർമാറ്റിൽ സമർപ്പിക്കണം. താത്പര്യമുള്ളവർ മാർച്ച് 13 നകം ലോഗോകൾ pmukiot@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കണം. ലോഗോയ്ക്കൊപ്പം അപേക്ഷകന്റെ പേര്, വിലാസം, ഫോൺ നമ്പർ, ലോഗോയെക്കുറിച്ചുള്ള ലഘുവിവരണം എന്നിവ ഉൾപ്പെടുത്തണം. ഒരാൾക്ക് ഒരു ലോഗോ മാത്രമേ അയക്കാനാവൂ. വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷമായിരിക്കും ജേതാവിനെ പ്രഖ്യാപിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471-2528658, 2962748.

# റാമ്പിൽ വിസ്മയം തീർത്ത തൃശൂരിൻറെ മാലാഖക്കുട്ടിക്ക് ഫ്ലെയിംഗ് ഫെം കിരീടം

തൃശൂർ: അക്ഷരാർത്ഥത്തിൽ റാമ്പിൽ അവൾ അദ്ഭുതമായി. മിസിസ്, മിസ്, ടീൻ എന്നീ മൂന്നു കാറ്റഗറികളിലുംകൂടി അവൾ ബെസ്റ്റ് കാറ്റ് വാക്കറായി. കൂടാതെ, ടീൻ വിഭാഗത്തിൽ ചാമ്പ്യൻ പട്ടവും. ഉത്തർപ്രദേശിലെ നോയിഡ ഫിലിം സിറ്റിയിൽ നടന്ന ഫ്ലയിംഗ് ഫെം ദേശീയ സൗന്ദര്യ മത്സരത്തിൻറെ സീസൺ മൂന്നിലാണ് തന്നെക്കാൾ മുതിർന്ന മത്സരാർഥികളെയെല്ലാം പിന്നിലാക്കി ക്യാരൻ എന്ന മാലാഖക്കുട്ടി ഈ അതുല്യനേട്ടം കരസ്ഥമാക്കിയത്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 60 പേരിൽ നിന്ന് കടുത്ത മത്സരത്തിനുള്ളിലാണ് ഈ 12 കാരി വിജയപീഠത്തിലെത്തിയത് എന്നറിയുമ്പോഴാണ് ഇതിൻറെ മഹത്വം തിരിച്ചറിയുന്നത്.

തുടർച്ചയായ 12 ദിവസങ്ങളിലായി വിവിധ കാറ്റഗറികളിൽ നടന്ന പ്രകടന പരീക്ഷണങ്ങൾ, വ്യക്തിത്വ വിലയിരുത്തലുകൾ, ടാലൻറ് റൗണ്ടുകൾ, ആത്മവിശ്വാസം അളക്കുന്ന ടെസ്റ്റുകൾ എന്നിവയിൽ മികവ് പ്രകടിപ്പിച്ചാണ് മണ്ണുത്തി കൈലാസനാഥ വിദ്യാനികേതനിലെ ഈ ആറാം ക്ലാസുകാരി വിജയം കരഗതമാക്കിയത്. 'സ്വപ്നങ്ങൾക്കു പ്രായപരിധിയില്ലെന്ന് തൃശൂരിൻറെ കൗമാരതാരം വീണ്ടും തെളിയിച്ചു.

കൊച്ചിയിലെ കുട്ടികളുടെ സൗന്ദര്യമത്സരമായ സുന്ദരിക്കുട്ടി മത്സരത്തിൽ വളരെ ആകസ്മികമായാണ് തലോർ പുളിയനത്തുപറമ്പിൽ ഡോ. ഏണസ്റ്റ് ഡഗ്ലസ് റോഡ്രിഗസിൻറെയും രമ്യയുടെയും മകൾ എട്ടു വയസുകാരി ക്യാരൻ എത്തിപ്പെട്ടത്. ആദ്യ മത്സരത്തിൽതന്നെ ഫൈനലിസ്റ്റ് ആയതോടെ അവളുടെ ആത്മവിശ്വാസം വർധിച്ചു.

പിന്നെ കേട്ടറിഞ്ഞ മത്സരങ്ങളിലൊക്കെ പങ്കെടുത്തു. അങ്ങനെ അതൊരു പാഷനായി. 12 വയസിനകം ഫ്രാൻസ്, ദുബായ്, തായ്‌ലൻഡ് തുടങ്ങി അന്താരാഷ്ട്ര വേദികളിൽ ഉൾപ്പെടെ ഈ കൊച്ചു മിടുക്കി കരസ്ഥമാക്കിയത് 21 വിവിധങ്ങളായ കിരീടങ്ങളാണ്.

ദുബായ് എഎഫ് ഇ, കേരള പ്രിൻസസ് സീസൺ – 2, ഐക്കൺ ഓഫ് കേരള തുടങ്ങി നിരവധി ഇടങ്ങളിൽ ടൈറ്റിൽ വിന്നറായിരുന്നു. തായ്‌ലൻഡിൽ നടന്ന ജൂണിയർ ഇൻറർനാഷണലിൽ ബെസ്റ്റ് കാറ്റ് വാക് പുരസ്കാരം നേടി. മിസ് ഇന്ത്യ ജൂണിയർ കിരീടമാണ് അടുത്ത ലക്ഷ്യം.

രണ്ടര വയസു മുതൽ പാട്ടുപാടാനും അധികം വൈകാതെ ഡാൻസ് കളിക്കാനും തുടങ്ങിയ ഈ കുഞ്ഞിനെ മാതാപിതാക്കൾ അവളുടെ കാരിസമനുസരിച്ച് ഗുരുക്കന്മാരുടെ കീഴിൽ അഭ്യസിപ്പിക്കാൻ തുടങ്ങി. കൂടാതെ കരാട്ടെ ജിംനാസ്റ്റിലും പരിശീലനം നേടുന്നുണ്ട്.

ധാരാളം പരസ്യ ചിത്രങ്ങളിൽ അഭിനയിക്കാനും പ്രോഗ്രാം അവതരിപ്പിക്കാനും അവസരം ലഭിച്ചത് മകളുടെ വ്യക്തിത്വ പ്രകാശനത്തിന് ഏറെ സഹായിച്ചെന്നു മാതാപിതാക്കൾ പറയുന്നു. അനുജൻ അഞ്ചു വയസുകാരൻ ഇലോണും ചേച്ചിയുടെ പാത പിൻതുടരാനുള്ള പരിശ്രമത്തിലാണ്.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന കെക്സ് കോൺ കേന്ദ്ര കാര്യാലയത്തിൽ ക്ലാർക്ക്, പ്രോജക്ട് കൺസൾട്ടന്റ് തസ്തികകളിലേക്ക് കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. ക്ലാർക്ക് തസ്തികയിൽ രണ്ടൊഴിവുകളാണുള്ളത്. യോഗ്യത: ആർമി/ എയർഫോഴ്സ്/ നേവി എന്നിവയിൽ ക്ലറിക്കൽ അഥവാ തത്തുല്യ കാറ്റഗറിയിൽ കുറഞ്ഞത് 15 വർഷം പ്രവൃത്തി പരിചയം ഉള്ള വിമുക്തഭടൻ അല്ലെങ്കിൽ ക്ലറിക്കൽ തസ്തികയിൽ പ്രവൃത്തി പരിചയമുള്ള വിമുക്തഭടന്റെ ണശറീംെ നെയും പരിഗണിക്കും, ബിരുദം/ തത്തുല്യം, മൈക്രോസോഫ്റ്റ് വേർഡ്/ എക്സൽ എന്നിവയിൽ പ്രാവീണ്യം കൂടാതെ ടൈപ്പിംഗ്, ഡ്രാഫ്റ്റിംഗ് എന്നിവ ചെയ്യാനുള്ള കഴിവ് ഉണ്ടായിരിക്കണം. പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ല. പ്രോജക്ട് കൺസൾട്ടന്റ് തസ്തികയിൽ ഒരൊഴിവുണ്ട്. യോഗ്യത: ബിരുദം/ തത്തുല്യം, കമ്പ്യൂട്ടർ പരിജ്ഞാനം/ ഇലക്ട്രിക്കൽ സിസ്റ്റത്തിലെ സാങ്കേതിക പരിജ്ഞാനം എന്നിവയുള്ള വിമുക്തഭടൻ ആയിരിക്കണം, ഗവ.സെക്രട്ടേറിയറ്റ് സർവീസ് ഉദ്യോഗസ്ഥനായി വിരമിച്ച വിമുക്തഭടന്മാർക്ക് മുൻഗണന. പ്രായപരിധി 60 വയസ് കവിയാൻ പാടില്ല. വെള്ളപേപ്പറിൽ സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം kexconkerala2022@gmail.com എന്ന ഇ-മെയിലിലോ കെക്സ്കോൺ കേന്ദ്ര കാര്യാലയത്തിൽ നേരിട്ടോ ലഭ്യമാക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 25 വൈകിട്ട് 5 വരെയാണ്.

## അഡ്മിഷൻ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു

2026 അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഗവ. ഐ.ടി.ഐ യിലെ വിവിധ ട്രേഡുകളിലേക്കുള്ള പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷൻ നോട്ടിഫിക്കേഷൻ http://det.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അപേക്ഷകൾ മുഖ്യകാര്യാലയത്തിൽ മാർച്ച് 10ന് വൈകിട്ട് 4 നുള്ളിൽ നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ ലഭ്യമാക്കണം.

# ഭർത്താവിനെ ശ്വാസംമുട്ടിച്ച് കൊന്ന യുവതിയും കാമുകനും പിടിയിൽ

ബംഗുളൂരു: ഭർത്താവിനെ ശ്വാസംമുട്ടിച്ച് കൊന്ന ശേഷം ഹൃദയാഘാതം മൂലം മരിച്ചെന്ന് വിശ്വസിപ്പിച്ച യുവതിയും കാമുകനും പിടിയിലായി. തുംകൂരു സ്വദേശി കെ. പരമേശി (50) നെയാണ് ഭാര്യ പി. ആശ (46), ആശയുടെ കാമുകൻ ചന്ദ്രപ്പ (48) എന്നിവർ ചേർന്ന് കൊലപ്പെടുത്തിയത്.

പോലീസ് പറയുന്നതനുസരിച്ച് ആശയും ചന്ദ്രപ്പയും തമ്മിൽ പ്രണയത്തിലായിരുന്നു. ഇരുവരുടെയും ബന്ധം പരമേശ് അറിഞ്ഞതോടെയാണ് ഇദ്ദേഹത്തെ കൊല്ലാൻ തീരുമാനിച്ചത്.

സ്ഥിരമായി മദ്യപിക്കാറുള്ള പരമേശ് ജനുവരി 29ന് രാത്രി മദ്യപിച്ച ശേഷം ഉറങ്ങൻ പോയി. ഈ സമയത്താണ് ആശയും ചന്ദ്രപ്പയും ചേർന്ന് ഇയാളെ ശ്വാസംമുട്ടിച്ച് കൊന്നത്. പിറ്റേന്ന് രാവിലെ പരമേശ് ഹൃദയാഘാതം മൂലം മരിച്ചുവെന്ന് ആശ ബന്ധുക്കളെ വിശ്വസിപ്പിക്കുകയും തുടർന്ന് മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

മരണത്തിന് പിന്നാലെ ആശയുടെ പെരുമാറ്റത്തിലുണ്ടായ മാറ്റങ്ങളും ചന്ദ്രപ്പയുമായുള്ള അടുപ്പവും പരമേശിൻറെ സഹോദരി കെ. നാഗമ്മയ്ക്ക് സംശയമുണ്ടാക്കി. നാഗമ്മയുടെ ചോദ്യങ്ങൾക്ക് ആശ പരസ്പരവിരുദ്ധമായ മറുപടികൾ നൽകിയതോടെ മാർച്ച് നാലിന് പോലീസിൽ പരാതി നൽകി. തുടർന്ന് സംസ്കരിച്ച മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടം നടത്തുകയും പരമേശിൻറെ മരണം ശ്വാസംമുട്ടിയാണെന്ന് തെളിയുകയും ചെയ്തു. പിന്നീട് പോലീസ് നടത്തിയ ചോദ്യം ചെയ്യലിൽ പ്രതികൾ കുറ്റം സമ്മതിച്ചു. ഇരുവരെയും ഉടൻ തന്നെ അറസ്റ്റ് ചെയ്തു.

## സമാശ്വാസ നിയമനം

സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിനിടെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു സർക്കാർ ഉത്തരവിറക്കി. ഇനി മുതൽ സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ ആശ്രിതർക്ക് ഉള്ളതുപോലെ സൂപ്പർന്യൂമററി തസ്തികയിലുള്ളവരുടെ ആശ്രിതർക്കും നിയമനത്തിന് അർഹത ലഭിക്കും.

# ഇറാൻ യുദ്ധം: ആദ്യ 36 മണിക്കൂറിൽ യുഎസ്ഇസ്രയേൽ സഖ്യം പ്രയോഗിച്ചത് മൂവായിരത്തിലേറെ മിസൈലുകൾ

വാഷിംഗ്ടൺ: ഇറാനെതിരെയുള്ള യുദ്ധത്തിൻറെ ആദ്യ 36 മണിക്കൂറിൽ അമേരിക്കയും ഇസ്രയേലും ചേർന്ന് മൂവായിരത്തിലധികം മിസൈലുകളും ബോംബുകളും പ്രയോഗിച്ചതായി റിപ്പോർട്ട്. യുദ്ധത്തിൻറെ പ്രാരംഭ ഘട്ടത്തിൽ ഉണ്ടായ വൻതോതിലുള്ള ആക്രമണം ഇരുരാജ്യങ്ങളുടെയും പ്രതിരോധ നിർമാണ മേഖലയെ സമ്മർദ്ദത്തിലാക്കിയതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.

പെയ്ൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് പോളിസിയിലെ വിദഗ്ധരുടെ കണക്കനുസരിച്ച്, അമേരിക്കയും ഇസ്രയേലും 3,000ത്തിലധികം പ്രിസിഷൻ മിസൈലുകളും പ്രതിരോധ മിസൈലുകളും ഇറാനെതിരെയുള്ള യുദ്ധത്തിൻറെ ആദ്യ 36 മണിക്കൂറിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ 210 ജെഡിഎഎം ബോംബുകൾ, 120 ടോമാഹോക്ക് ക്രൂയിസ് മിസൈലുകൾ, 90 എജിഎം88 റഡാർ വേധ മിസൈലുകൾ എന്നിവ ഉൾപ്പെടുന്നു.

ഇതിന് മറുപടിയായി ഇറാൻ ഏകദേശം 1,000ത്തിലധികം ആയുധങ്ങളാണ് തൊടുത്തുവിട്ടത്. ഇതിൽ 380 ബാലിസ്റ്റിക് മിസൈലുകളും 700 ഷാഹെദ് ഡ്രോണുകളും ഉൾപ്പെടുന്നു. ഇസ്രയേൽയുഎസ് വ്യോമാക്രമണത്തിൽ ഇറാനിലുടനീളം ഏകദേശം 4,000ത്തോളം സിവിലിയൻ കെട്ടിടങ്ങൾക്കും ആശുപത്രികൾക്കും കേടുപാടുകൾ സംഭവിച്ചു. നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടതായും റിപ്പോർട്ടുണ്ട്.

# പശ്ചിമേഷ്യൻ സംഘർഷത്തിനിടെ ഖത്തർ വ്യോമപാത ഭാഗികമായി തുറക്കുന്നു

ദോഹ: പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യങ്ങളെ തുടർന്ന് അടച്ചിട്ടിരുന്ന ഖത്തർ വ്യോമപാത ഭാഗികമായി തുറന്നു. വ്യോമഗതാഗതം ഭാഗികമായി പുനരാരംഭിച്ചതായി സിവിൽ ഏവിയേഷൻ അതോറിറ്റി വെള്ളിയാഴ്ച അറിയിച്ചു.

രാജ്യത്തെ സായുധ സേനയുമായും മറ്റ് ബന്ധപ്പെട്ട ഔദ്യോഗിക വകുപ്പുകളുമായും പൂർണമായി ഏകോപിപ്പിച്ചാണ് ഈ നടപടി. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച്, മുൻകൂട്ടി നിശ്ചയിച്ച അടിയന്തര പാതകൾ വഴിയാണ് വിമാനങ്ങൾ സർവീസ് നടത്തുക.

കുടുങ്ങിക്കിടക്കുന്ന യാത്രക്കാരെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പരിമിതമായ വിമാനങ്ങൾക്കും ചരക്ക് വിമാനങ്ങൾക്കും മാത്രമാണ് നിലവിൽ അനുമതിയുള്ളത്. ദോഹയിലേക്കും തിരിച്ചുമുള്ള സാധാരണ ഷെഡ്യൂൾഡ് വിമാനങ്ങളുടെ സർവീസ് ഇപ്പോഴത്തെ അറിയിപ്പിൽ ഉൾപ്പെടുന്നില്ല. വ്യോമപാത പൂർണമായും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തിയ ശേഷം ഔദ്യോഗിക അറിയിപ്പ് ലഭിച്ചാൽ മാത്രമേ പതിവ് സർവീസുകൾ ആരംഭിക്കൂ.

## ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2023-26 ഡിഗ്രി ബാച്ച് സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് മൂന്നാം വർഷ റിന്യുവലിനു യോഗ്യരായവരുടെ ലിസ്റ്റ് www.dcescholarship.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 137 കോടി രൂപയുടെ ബഹുനില മന്ദിരം

## നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബിയിലൂടെ 137 കോടി ഉപയോഗിച്ച് നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ നിർമ്മാണോദ്ഘാടനവും, ശിലാസ്ഥാപനവും മാർച്ച് 9ന് വൈകുന്നേരം 5 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. വി. കെ. പ്രശാന്ത് സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, വി. ശിവൻ കുട്ടി, ജി. ആർ. അനിൽ എന്നിവർ വിശിഷ്ടാതിഥികളാകും.

തിരുവനന്തപുരം നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ജനറൽ ആശുപത്രിയുടെ മുഖഛായ മാറ്റുന്ന പദ്ധതിയാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

അത്യാധുനിക സൗകര്യങ്ങളുള്ള 4 നില കെട്ടിടമാണ് നിർമ്മിക്കുന്നത്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ റിസപ്ഷൻ ഏരിയ, ട്രോമാ കെയർ വിഭാഗം, ജനറൽ ഒ. പി. , എആർവി ക്ലിനിക്, ഫാർമസി എന്നിവയും, രണ്ടാം നിലയിൽ വിവിധ വിഭാഗങ്ങളിലെ ഇന്റെൻസിവ് കെയർ വാർഡുകൾ, സെമിനാർ റൂം, ഇ ഹെൽത്ത്, ഭൂമിക ക്ലിനിക് എന്നിവയും, മൂന്നാം നിലയിൽ വിശാലമായ ലബോറട്ടറി സൗകര്യം, ബ്ലഡ് ബാങ്ക്, സ്പെഷ്യലിറ്റി, സൂപ്പർ സ്പെഷ്യലിറ്റി ഒ. പി. കൾ എന്നിവയും നാലാം നിലയിൽ കീമോതെറാപ്പി വാർഡ്, ഓപ്പറേഷൻ തിയേറ്റർ, ഡെന്റൽ ഒ. പി. എന്നിവയും സജ്ജീകരിക്കും. ഇവ കൂടാതെ എ. സി. പ്ലാന്റ്, മെഡിക്കൽ ഗ്യാസ് യൂണിറ്റ്, ലോണ്ട്രി എന്നിവ ഉൾപ്പെടെയുള്ള സർവീസ് ബ്ലോക്കും സജ്ജീകരിക്കും.

രോഗികളുടേയും, പൊതുജനങ്ങളുടേയും സൗകര്യത്തിനായി 10 ലിഫ്റ്റുകളും കെട്ടിട സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടം പൂർത്തിയാകുന്നതോടെ സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്ന ജനറൽ ആശുപത്രിക്ക് ഏറെ സഹായകരമാകും.



സത്യൻ നഗർ - മുടവൻമുകൾ പാലം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി വി.ശിവൻകുട്ടി സമീപം

# പിന്നാക്ക സമുദായ അംഗങ്ങളെ ജയിക്കുന്ന മണ്ഡലങ്ങളിൽ മത്സരിപ്പിക്കണം: ശിവഗിരിമഠം

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ പിന്നാക്ക സമുദായത്തിൽ നിന്നുള്ളവരെ ജയ സാധ്യതയുള്ള മണ്ഡലങ്ങളിൽ മത്സരിപ്പിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയോട് ആവശ്യപ്പെട്ട് ശിവഗിരി മഠം.

വർക്കല ശിവഗിരി മഠത്തിലെ ഗുരു സമാധിയിൽ രാഹുൽ ഗാന്ധി സന്ദർശനത്തിന് എത്തിയപ്പോഴാണ് ശിവഗിരി മഠം ആവശ്യം ഉന്നയിച്ചത്. ശിവഗിരി മഠത്തിലെ സ്വാമിമാരുമായുള്ള കൂടിക്കാഴ്ചക്കിടെയാണ് തെരഞ്ഞെടുപ്പിൽ പിന്നാക്ക സമുദായത്തിന് പരിഗണന വേണം എന്ന ആവശ്യം ഉന്നയിച്ചത്.

പിന്നാക്ക സമുദായത്തിൽ നിന്നുള്ളവർക്കു ജയ സാധ്യതയുള്ള മണ്ഡലങ്ങൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടതെന്നും ഇക്കാര്യം പരിശോധിക്കാമെന്നു രാഹുൽ മറുപടി നൽകിയതായും ശ്രീനാരായണ ധർമസംഘം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി പിന്നീട് മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

കഴിഞ്ഞ ദിവസം കൊല്ലത്ത് ശ്രീനാരായണ ഗുരു മഹാത്മാഗാന്ധി കൂടിക്കാഴ്ചയുടെ ശതാബ്ദി ആഘോഷ സമ്മേളനത്തിൽ രാഹുൽ ഗാന്ധി പങ്കെടുത്തിരുന്നു. പിന്നാലെയാണ് ഇന്നലെ ശിവഗിരി മഠം സന്ദർശിച്ചത്. എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ എംപി, യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എംപി തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡൻറ് സ്വാമി സച്ചിദാനന്ദയുടെ നേതൃത്വത്തിൽ രാഹുൽ ഗാന്ധിയെ സ്വീകരിച്ചു.

മഹാസമാധിയിൽ പുഷ്പാർച്ചന നടത്തിയശേഷം ഗുരുവിനെ ഗാന്ധിജിയും ടാഗോറും വന്നുകണ്ട വൈദിക മഠത്തിൽ സന്ദർശനം നടത്തി. ഇതിനുശേഷം ശാരദാമഠം സന്ദർശിച്ചു.

# എം. ബി. രാജേഷും കടന്നപ്പള്ളി രാമചന്ദ്രനും ഇരട്ട ആനുകൂല്യം കൈപ്പറ്റിയതായി എജി

തിരുവനന്തപുരം: സംസ്ഥാന മന്ത്രിമാരായ എം. ബി. രാജേഷും കടന്നപ്പള്ളി രാമചന്ദ്രനും എംപി പെൻഷനൊപ്പം മന്ത്രിയുടെ ശന്പളവും കൈപ്പറ്റുന്നതായി അക്കൗണ്ടൻറ് ജനറലിൻറെ കണ്ടെത്തൽ.

നിയമം ലംഘിച്ച് ഇരുവരും അധികമായി കൈപ്പറ്റിയ തുക അടിയന്തരമായി തിരികെപ്പിടിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അക്കൗണ്ടൻറ് ജനറൽ, സംസ്ഥാന പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്തു നൽകി.

1954ലെ പാർലമെൻറ് അംഗങ്ങളുടെ ശന്പളം, അലവൻസ്, പെൻഷൻ നിയമപ്രകാരം ഒരാൾ മന്ത്രി എന്ന നിലയിൽ ശന്പളം കൈപ്പറ്റുന്പോൾ എംപി പെൻഷൻ തുകയിൽ കുറവു വരുത്തണം. അതായത്, എംപി പെൻഷൻ കുറച്ചുള്ള തുകയാണു ശന്പളമായി വാങ്ങേണ്ടത്.

എന്നാൽ ആദ്യം സ്പീക്കറും പിന്നീട് മന്ത്രിയുമായ എം. ബി. രാജേഷും 2023ൽ മന്ത്രിയായ കടന്നപ്പള്ളി രാമചന്ദ്രനും ചട്ടം ലംഘിച്ചു രണ്ടു തുകയും കൈപ്പറ്റിയതായാണ് ഓഡിറ്റ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. 2022 മുതൽ 24 വരെയുള്ള രണ്ടു വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. ഇരുവരും എംപിമാരെന്ന നിലയിലുള്ള പെൻഷൻ തുക കുറയ്ക്കാതെ ശന്പളം കൈപ്പറ്റുന്നതു നിയമവിരുദ്ധമാണ്.

പാർലമെൻററി റെസിജ്യൂറി പെൻഷൻ എത്രയാണെന്നും അതു മന്ത്രിമാരുടെ ശന്പളത്തിൽ നിന്ന് എത്രത്തോളം കുറയ്ക്കണമെന്നും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാനും പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചട്ടവിരുദ്ധമായി കൈപ്പറ്റിയ തുക കണക്കാക്കി അത് ഖജനാവിലേക്ക് തിരികെ അടപ്പിക്കാനാണ് എജിയുടെ നിർദേശം. എംപിമാരായിരുന്ന കെ. എൻ. ബാലഗോപാൽ, പി. രാജീവ് എന്നീ മന്ത്രിമാരുടെ കാര്യത്തിൽ അധിക തുക കൈപ്പറ്റിയതായി കണ്ടെത്തൽ ഇല്ല.

മന്ത്രിമാരുടെ പെൻഷൻ വിവാദത്തിന് പുറമെ പൊതുഭരണ വകുപ്പിലെ മറ്റ് ചില അപാകതകളും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. സെക്രട്ടേറിയറ്റിൽ കോടികൾ മുടക്കി സ്ഥാപിച്ച അക്സസ് കൺട്രോൾ സംവിധാനത്തിൻറെ പ്രവർത്തനം കാര്യക്ഷമമല്ല. ജീവനക്കാരുടെ ജോലിസമയം കൃത്യമായി വിലയിരുത്താനും കാര്യക്ഷമത വർധിപ്പിക്കാനും 1.95 കോടി രൂപ മുടക്കി സ്ഥാപിച്ച അക്സസ് കൺട്രോൾ സംവിധാനം വെറുതെ കിടക്കുന്നു. ഇത് കൃത്യമായി പ്രവർത്തിപ്പിച്ചിരുന്നെങ്കിൽ ജോലിസമയം ജീവനക്കാർ ഓഫീസിനു പുറത്തു കറങ്ങി നടക്കുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

# സീറ്റ് വിഭജനത്തിലെ അതൃപ്തി പരസ്യമാക്കി ആർജെഡി

കോഴിക്കോട്: നിയമസഭാ തെരഞ്ഞെടുപ്പിലെ സീറ്റ് വിഭജനത്തിൽ അതൃപ്തി തുടരുന്നതിനിടെ നിലപാടു കടുപ്പിച്ച് ആർജെഡി. ഇത്തവണ അധികസീറ്റ് വേണമെന്ന ആവശ്യത്തിൽനിന്ന് പിന്നോട്ടില്ലെന്ന നിലപാടിലാണ് ആർജെഡി. കോഴിക്കോട് ചേർന്ന സംസ്ഥാന നേതൃയോഗത്തിൽ എൽഡിഎഫിലെ സീറ്റ് വിഭജനത്തിലെ നീരസം ആർജെഡി നേതൃത്വം പരസ്യമാക്കി.

പാർട്ടിക്ക് ഇത്തവണ ആറ് സീറ്റ് വേണമെന്നാണ് നിലപാടെന്നും ഇതിൽനിന്ന് പിന്നോട്ടില്ലെന്നും ആർജെഡി സംസ്ഥാന പ്രസിഡൻറ് എം. വി. ശ്രേയാംസ് കുമാർ യോഗത്തിനുശേഷം നടന്ന വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഇത്തവണ അധിക സീറ്റ് നൽകുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് സിപിഎം സംസ്ഥാന സെക്രട്ടറിയായിരുന്ന കോടിയേരി ബാലകൃഷ്ണൻ ഉറപ്പ് നൽകിയിരുന്നു. എന്നാൽ സിപിഎം നീതി പുലർത്തുന്നില്ല. എൽഡിഎഫ് നേതൃത്വം ഇക്കാര്യത്തിൽ നീതി പുലർത്തണം. ഉഭയകക്ഷി ചർച്ചയിലടക്കം ആറ് സീറ്റ് വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു.

കഴിഞ്ഞ തവണ മത്സരിച്ചതിൽ കൂടുതൽ സീറ്റ് ഇക്കുറിയും ഇല്ലെന്നാണ് സിപിഎം പറഞ്ഞത്. കോഴിക്കോട് ഒരു സീറ്റ് കൂടുതൽ വേണം. അധിക സീറ്റിൽ വിട്ടുവീഴ്ചയ്ക്ക് ആർജെഡി ഇല്ല. സോഷ്യലിസ്റ്റ് പാർട്ടികളെ എൽഡിഎഫ് ക്ഷീണിപ്പിക്കരുത്.

കോവളം സീറ്റിൽ ജനതാദളിന് മികച്ച സ്ഥാനാർഥി ഇല്ല. സ്ഥാനാർഥി പോലും ഇല്ലാഞ്ഞിട്ടും ജനതാദളിന് എൽഡിഎഫ് സീറ്റ് നൽകി. ഇപ്പോൾ സ്ഥാനാർഥിയെ ചാക്കിട്ട് പിടിക്കുന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. എൽഡിഎഫിൻറെ അന്തസിനു ചേരാത്ത പ്രവൃത്തിയാണ് നടക്കുന്നതെന്നും എം. വി. ശ്രേയാംസ് കുമാർ അഭിപ്രായപ്പെട്ടു.

# തിരുവനന്തപുരം മെഡിക്കൽ കോളജിൽ വീണ്ടും ലിഫ്റ്റ് നിലച്ചു; ഇത്തവണ കുടുങ്ങിയത് ആറ് പേർ

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ ലിഫ്റ്റിനുള്ളിൽ ആറ് പേർ കുടുങ്ങി. രോഗികളും കൂട്ടിരിപ്പുകാരും ഉൾപ്പെടെ ആറ് പേരാണ് ലിഫ്റ്റിനുള്ളിൽ കുടുങ്ങിയത്. ഒരു മണിക്കൂറിന് ശേഷമാണ് ആറ് പേരെയും പുറത്തിറക്കിയത്.

വൈദ്യുതി തകരാറിനെ തുടർന്നാണ് ലിഫ്റ്റ് പ്രവർത്തന രഹിതമായതെന്നാണ് ആശുപത്രി അധികൃതരുടെ വാദം. സുരക്ഷാ ജീവനക്കാരെത്തി താക്കോൽ ഉപയോഗിച്ച് ലിഫ്റ്റ് തുറന്നു ആറുപേരെയും പുറത്തിറക്കുകയായിരുന്നു.

കഴിഞ്ഞ ഒരു മാസത്തിനിടെ മൂന്ന് തവണ ഇത്തരത്തിൽ രോഗികളും കൂട്ടിരിപ്പുകാരും ലിഫ്റ്റിൽ കുടുങ്ങിയിരുന്നു. ആശുപത്രിയിലെ ജനറേറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതാണ് ഇടയ്ക്കിടെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെന്നാണ് ആരോപണം.

ജനുവരിയിൽ ആശുപത്രിയിലെ ലിഫ്റ്റിൽ 42 മണിക്കൂർ രോഗി കുടുങ്ങിയ സംഭവത്തിൽ 5,00, 000 രൂപ സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടിരുന്നു.

# യുഡിഎഫ് സീറ്റ് വിഭജനം; കേരള കോൺഗ്രസുമായി ചർച്ച നടത്തി, ഇന്നും തുടരും

തിരുവനന്തപുരം: യുഡിഎഫ് സീറ്റു വിഭജനവുമായി ബന്ധപ്പെട്ടു കേരള കോൺഗ്രസുമായി ഇന്നലെ അനൗദ്യോഗിക ആശയ വിനിമയം നടത്തി കോൺഗ്രസ് നേതൃത്വം. ജയസാധ്യത മുൻനിർത്തി ചില സീറ്റുകൾ വിട്ടു നൽകേണ്ടി വരുമെന്നു കോൺഗ്രസ് നേതൃത്വം കേരള കോൺഗ്രസിനെ അറിയിച്ചു.

എന്നാൽ, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച 10 സീറ്റും വേണമെന്ന ആവശ്യത്തിൽ കേരള കോൺഗ്രസ് ചെയർമാൻ പി. ജെ. ജോസഫ് ഉറച്ചു നിന്നു. യുഡിഎഫിൻറെ പുതുയുഗയാത്രയുടെ സമാപന സമ്മേളനത്തിൻറെ അടക്കം തിരക്കുള്ള സാഹചര്യത്തിൽ വീണ്ടും ചർച്ച നടത്താമെന്ന ധാരണയിൽ പിരിയുകയായിരുന്നു.

കേരള കോൺഗ്രസുമായുള്ള ഉഭയകക്ഷി ചർച്ച ഇന്നും തുടരുമെന്നാണ് വിവരം. 10 സീറ്റും വേണമെന്ന ആവശ്യത്തിൽ കേരള കോൺഗ്രസ് ഉറച്ചുനിൽക്കുകയാണ്. എന്നാൽ, ആറോ ഏഴോ സീറ്റെന്ന നിലപാടാണ് കോൺഗ്രസ് നേതൃത്വം സ്വീകരിച്ചതെന്നാണ് സൂചന.

കേരള കോൺഗ്രസുമായുള്ള സീറ്റ് വിഭജന ചർച്ച പൂർത്തിയായ ശേഷമാകും ആർഎസ്പി, ഫോർവേഡ് ബ്ലോക്ക്, സിഎംപി, കേരള കോൺഗ്രസ് ജേക്കബ് തുടങ്ങിയവരുമായുള്ള ചർച്ച നടക്കുക.

ആർഎസ്പിയുടെ നാല് സീറ്റിൽ ധാരണയായിരുന്നു. മട്ടന്നൂരിലെ സീറ്റിനു പകരമുള്ള സീറ്റാണ് ഇനി പ്രധാന ചർച്ചയാകുക. മട്ടന്നൂരിന് പകരം കാഞ്ഞങ്ങാട് ആർഎസ്പി ചോദിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ ആർഎസ്പി അഞ്ചു സീറ്റിലായിരുന്നു മത്സരിച്ചിരുന്നത്. ഫോർവേഡ് ബ്ലോക്കിനുള്ള ഒരു സീറ്റും ചർച്ചയാകും.

കൊല്ലമാണ് ഫോർവേഡ് ബ്ലോക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. പകരം ചാത്തന്നൂർ നൽകിയേക്കും. സിഎംപി ജനറൽ സെക്രട്ടറി സി. പി. ജോണിന് മത്സരിക്കാൻ തിരുവനന്തപുരം സീറ്റാണ് നൽകാൻ കോൺഗ്രസ് സംസ്ഥാന നേതൃത്വം ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, കോൺഗ്രസിലെ ജില്ലാ, പ്രദേശിക നേതൃത്വം ഇതിനെതിരേ രംഗത്ത് എത്തിയ സാഹചര്യത്തിൽ ഇതും ഏറെ സൂക്ഷ്മതയോടെയാകും കൈകാര്യം ചെയ്യുക.

ലീഗിൻറെ കൈവശമുള്ള തിരുവന്പാടി മണ്ഡലവും സി. പി. ജോണിനായി നൽകുന്നത് നേരത്തേ പരിഗണിച്ചിരുന്നു. അങ്ങനെ വന്നാൽ, തിരുവന്പാടിക്കു പകരം പട്ടാന്പി വിട്ടു നൽകുന്നതും പരിഗണനയിലുണ്ട്. ഇന്നലെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും തിരുവനന്തപുരത്തുണ്ടായിരുന്നു.

# പശ്ചിമേഷ്യൻ സംഘർഷം; ഗൾഫ് മേഖലയിൽനിന്ന് തിരിച്ചെത്തിയത് 52000ലധികം ഇന്ത്യക്കാർ

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷത്തിൽ ഗൾഫ് മേഖലയിൽനിന്ന് രാജ്യത്ത് തിരിച്ചെത്തിയത് 52000ലധികം ഇന്ത്യക്കാർ. വിദേശകാര്യ മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്.

വ്യോമപാതകൾ ഭാഗികമായി തുറന്നുതോടെ വിമാന സർവീസുകൾ പ്രയോജനപ്പെടുത്തിയാണ് ഇന്ത്യക്കാർ തിരിച്ചെത്തിയത്. വരുന്ന ദിവസങ്ങളിൽ കൂടുതൽ വിമാന സർവീസുകൾ ഉണ്ടാകും. മേഖലകളിലെ എല്ലാ ഇന്ത്യൻ പൗരന്മാരും ഇന്ത്യൻ എംബസി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

പേർഷ്യൻ കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന 36ഓളം ഇന്ത്യൻ ചരക്ക് കപ്പലുകളെ മടക്കി കൊണ്ടുവരാനുള്ള തയാറെടുപ്പുകളും ഇന്ത്യ ആരംഭിച്ചു. ചരക്ക് കപ്പലുകൾക്ക് അകമ്പടി സേവിക്കാൻ നാവികസേനയുടെ കപ്പലുകൾ വിന്യസിക്കുന്ന കാര്യം പരിഗണനയിലാണെന്നാണ് കേന്ദ്രം നൽകുന്ന സൂചന.

പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്ക് പോകേണ്ട ചരക്കുകൾ താൽക്കാലികമായി ഇന്ത്യൻ തുറമുഖങ്ങളിൽ സൂക്ഷിക്കണം. ഗൾഫ് മേഖലയിൽ നിന്ന് തിരിച്ചുവരുന്ന കപ്പലുകൾക്ക് തുറമുഖങ്ങൾ സൗകര്യമൊരുക്കണമെന്നും നിർദ്ദേശമുണ്ട്.

### പൂന മെട്രോയിൽ സ്ത്രീകൾക്കും മുതിർന്ന പൗരൻന്മാർക്കും സീറ്റുകൾ സംവരണം

മുംബൈ: അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് പൂന മെട്രോയിൽ സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തുന്നു.

ഞായറാഴ്ച മുതൽ നഗരത്തിലെ രണ്ട് റൂട്ടുകളിലും ഓടുന്ന മെട്രോ ട്രെയിനുകളിൽ പുതിയ ക്രമീകരണം നിലവിൽ വരും. ഓരോ മെട്രോ ട്രെയിനുകളിലും സ്ത്രീകൾക്കായി 46 സീറ്റുകളും മുതിർന്ന പൗരന്മാർക്കായി എട്ട് സീറ്റുകളുമാണ് സംവരണം ചെയ്യുന്നത്. സംവരണം ചെയ്ത സീറ്റുകൾ തിരിച്ചറിയുന്നതിനായി പ്രത്യേക സ്റ്റിക്കറുകൾ പതിപ്പിക്കും. കൂടാതെ, സീറ്റുകളുടെ ലേഔട്ട് സ്റ്റേഷനുകളിലും മെട്രോയുടെ ഔദ്യോഗിക മൊബൈൽ ആപ്പിലും ലഭ്യമാകും.

## അന്നബെല്ലിനു സെഞ്ചുറി; ഓസീസിന് ലീഡ്

പെർത്ത്: ഇന്ത്യൻ വനിതകൾക്കെതിരായ ടെസ്റ്റിൽ ഓസ്ട്രേലിയായ്ക്ക് ലീഡ്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ ഉയർത്തിയ 198 റൺസിന് മറുപടി പറയുന്ന ഓസീസ് ആറുവിക്കറ്റ് നഷ്ടത്തിൽ 244 റൺസെന്ന നിലയിലാണ്. അന്നബെൽ സതർലാൻഡിൻറെ (110*) സെഞ്ചുറിയാണ് ഓസ്ട്രേലിയായെ തുണച്ചത്. എല്ലിസ് പെറി (76) അർധസെഞ്ചുറി നേടി. നാലുവിക്കറ്റ് കൈയിലിരിക്കെ അവർക്കിപ്പോൾ 55 റൺസ് ലീഡായി. ഇന്ത്യയ്ക്കായി ജെമീമ റോഡ്രിഗസ് (52) അർധസെഞ്ചുറി നേടി. ഷെഫാലി വർമ (35) റൺസ് നേടി.

# ഒരേ ചേസിസ്, എൻജിൻ നമ്പറുകൾ; വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തതു 15,849 വാഹനങ്ങൾ

കൊച്ചി: വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഒരേ ചേസിസ്, എൻജിൻ നമ്പറുകളിൽ രജിസ്റ്റർ ചെയ്തത് 15,849 വാഹനങ്ങളെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറൽ (സിഎജി) റിപ്പോർട്ട്. ആസാമിലെയും മറ്റ് ഏഴു വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും വാഹൻ ഡാറ്റാബേസ് പരിശോധിച്ചപ്പോഴാണ് 15,849 വാഹനങ്ങൾ ഒരേ ചേസിസ്, എൻജിൻ നമ്പറുകളിൽ രജിസ്റ്റർ ചെയ്തതായി കണ്ടെത്തിയത്.

ഫെബ്രുവരി 19ന് ആസാം നിയമസഭയിൽ സമർപ്പിച്ച സിഎജി റിപ്പോർട്ടിലാണ് ഈ കണ്ടെത്തൽ. റിപ്പോർട്ട് പ്രകാരം 12,112 വാഹനങ്ങളും (ഏകദേശം 76 ശതമാനം) ആസാമിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. നിർബന്ധിത നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻഒസി) ഇല്ലാതെയാണ് ഇവ രജിസ്റ്റർ ചെയ്തത് എന്നതു ഗൗരവകരമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യയിലെ നിയമപ്രകാരം ഒരു വാഹനത്തിന് ഒരുസമയത്ത് ഒരു തനതായ രജിസ്ട്രേഷൻ നമ്പർ മാത്രമേ പാടുള്ളൂ. മറ്റൊരു സംസ്ഥാനത്തേക്കു മാറുമ്പോൾ പഴയ രജിസ്ട്രേഷൻ റദ്ദാക്കി പുതിയത് എടുക്കണം. ഇതു ലംഘിച്ചാണ് രജിസ്ട്രേഷനുകൾ നടത്തിയതെന്നും റിപ്പോർട്ട് പറയുന്നു.